പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 629

19.3.2013 ൽ മറുപടിയ്ക്ക്

**സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം വിപുലമാക്കാൻ നടപടി.**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എൻ.എ.ഖാദർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്** | **ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) കമേഴ്സ്യൽ ഡിപ്പാർട്ടുമെന്റായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായി ഇൻഷ്വറൻസ് വകുപ്പ് സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുന്നതിനും Accrual based double entry system ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അപകട ഇൻഷ്വറൻസ് പദ്ധതി ഈ വകുപ്പിലൂടെ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാന ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | ഉണ്ട്. സംസ്ഥാന ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്കായി ആരംഭിച്ച അപകട ഇൻഷ്വറൻസ് പദ്ധതിയിൽ 2011 വർഷം 5.44 കോടി രൂപയുടെ നഷ്ടം ഉണ്ടായി. 2012-ൽ നഷ്ടം 1.13 കോടി രൂപയായി കുറഞ്ഞു. 2013-ൽ നഷ്ടം ഒഴിവാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (സി) സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ സമാനമായ പദ്ധതികളേതെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | സംസ്ഥാന പെൻഷൻകാരുടെ കാര്യത്തിൽ അപകട ഇൻഷ്വറൻസ് പദ്ധതികൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ